പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1167 | 31.10.2019- ൽ മറുപടിക്ക്

## പാലങ്ങളുടെ ബലപരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ: | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പാലങ്ങളുടെ ബലപരിശോധന നടത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ പുനർ നിർമ്മിക്കണമെന്ന് കണ്ടെത്തിയ പാലങ്ങൾ എത്രയാണെന്ന് അറിയിക്കുമോ; ആയതിൽ എത്ര പാലങ്ങളുടെ നിർമ്മാണം ഇതിനകം ആരംഭിച്ചുവെന്ന് അറിയിക്കുമോ; | (എ) | ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിൽ വരുന്ന പാലങ്ങൾ ബലപരിശോധന നടത്തിയിട്ടില്ല. പരിശോധന നടത്തുന്ന കാര്യം പരിഗണനയിലാണ്. എന്നാൽ ഏനാത്ത് പാലത്തിന്റെ അടിത്തറ ദുർബലപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 2635 പാലങ്ങളുടെ ബല പരിശോധന പ്രാഥമികമായി നടത്തുകയും, അതിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുണ്ട് എന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. |
| (ബി) | 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തം മൂലം എത്ര പാലങ്ങളാണ് അപകടാവസ്ഥയിൽ ആയതെന്ന് വ്യക്തമാക്കാമോ; | (ബി) | 2018-ലെ പ്രളയത്തിൽ പൊല്ലംപാറ (വയനാട്) പെരിയവാര (ഇടുക്കി) കുണ്ടറച്ചോല (പാലക്കാട്) എന്നിങ്ങനെ 3 പാലങ്ങൾ ഗതാഗതയോഗ്യമല്ലാത്ത വിധം തകരുകയും, കൂടാതെ 67 പാലങ്ങൾക്ക് സാരമായ കേട്ടുപാട്ടുകൾ സംഭവിക്കുകയും ചെയ്തു. 2019-ലെ പ്രളയത്തിൽ കൈപ്പനിക്കടവ് (മലപ്പുറം) പോത്തുണ്ടി (കോഴിക്കോട്) നട്ടുത്തോട് (കോഴിക്കോട്) എന്നീ പാലങ്ങൾ ഗതാഗതയോഗ്യമല്ലാത്ത വിധം തകർന്നു പോകുകയും, കൂടാതെ 68 പാലങ്ങൾക്ക് സാരമായ കേട്ടുപാട്ടുകൾ സംഭവിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) പ്രസ്തുത പാലങ്ങൾ പുനർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പാലങ്ങളുടെ പുനർ നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ? | (സി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് പാലങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി 20 പാലങ്ങൾക്കായി 23.92 കോടി രൂപയുടെ ഭരണാനുമതിയും, 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് പാലങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി 24 പാലങ്ങൾക്കായി 110 കോടി രൂപയുടെയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ